**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 908

13.06.12ൽ മറുപടിയ്ക്ക്

മലപ്പുറം ജില്ലയിലെ ടൂറിസ്റ്റ് അനുബന്ധകേന്ദ്രങ്ങളുടെ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ബിയ്യം കായലും മറ്റ് അനുബന്ധ കേന്ദ്രങ്ങളും വേണ്ടത്ര പദ്ധതികളില്ലാത്തതുമൂലം ടൂറിസ്റ്റുകൾക്ക് ഉപയോഗപ്രദമാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ബോട്ട്ജെട്ടി നവീകരണം, നടപ്പാത, ലൈറ്റുകൾ സ്ഥാപിക്കൽ, റഗുലേറ്ററിന്റെ ഇരു കരകളിലും ഉദ്യാനങ്ങൾ അടക്കമുള്ള പദ്ധതികൾ ഉടൻ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; | (ബി) | ബിയ്യം പാലത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശം സർക്കാരിൽ ലഭിച്ചാലുടൻ ആയത് പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥലത്ത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള വാട്ടർ സ്പോർട്ട്സ് അക്കാദമിയുടെ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ്; അവിടെ ഈ വർഷം പരിശീലനം തുടങ്ങാൻ സാധിക്കുമോ; വിശദാംശം നൽകുമോ? | (സി) | ബിയ്യം കായലിന്റെ ഭാഗത്തുള്ള റവന്യൂ ഭൂമി സ്പോർട്സ് കൗൺസിലിന് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്ന് കായിക യുവജനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ